പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2823 20- 12- 2012 ൽ മറുപടിയ്ക്ക്.

## ഓൾ ഇന്ത്യാ സർവ്വേ ഓൺ ഹയർ എഡ്യുക്കേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. പി.കെ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ ഓൾ ഇന്ത്യാ 'സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷനിൽ സംസ്ഥാനം പങ്കെടുക്കുന്നുണ്ടോ ; | എ ഉണ്ട് |
| ബി ഇതനുസരിച്ച് ഏതെല്ലാം മേഖലകളെ കുറിച്ചുള്ള സർവ്വേ ആണ് നടത്തുന്നത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്താമോ ; | ബി രാജ്യത്തുള്ള സർവ്വകലാശാലകൾ, കോളേജുകൾ, സ്വാശ്രയസ്ഥാപനങ്ങൾ , ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദമായ സ്ഥിതിവിവരകണക്ക് ശേഖരിക്കുക എന്നതാണ് സർവ്വേയുടെ ഉദ്ദേശം. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഭാവി വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിനായി രാജ്യത്തെ വിദ്യാഭ്യാസ മണ്ഡലത്തെ പറ്റിയുള്ള കൃത്യവും പൂർണ്ണവുമായ വിവരം ശേഖരിക്കാനും സർവ്വേ സഹായകമാവും. കൂടാതെ ഇന്നത്തെ വിദ്യാഭ്യാസ നിലവാരം, ,സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ വിദ്യാഭ്യാസ രംഗത്തെ പുരോഗതി എന്നിവ സംബന്ധിച്ച് പൊതു അവബോധം സൃഷ്ടിക്കാനും സർവ്വേ ഉപയോഗപ്രദമാവും. |
| സി സംസ്ഥാനത്ത് ഈ സർവ്വേ എത്ര മാത്രം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ? | സി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ